പതിമൂന്നാം കേരള നിയമസഭ

12-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4413 | 17.12.2014-ൽ മറുപടിയ്ക്ക്

## മരുന്നുകടകളിലും ഫാർമസികളിലും പരിശോധന

| ചോദ്യം<br><br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, എസ്.രാജേന്ദ്രൻ<br>,, കെ.കെ.നാരായണൻ<br>,, എ.എം. ആരിഫ് | | ഉത്തരം<br><br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മരുന്നുകടകളിലും ഫാർമസികളിലും നടത്തുന്ന പരിശോധനാ വിഷയത്തിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ എന്താണ്; | എ | ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 04.03.2014-ലെ HRMP 28/2014-നമേലുള്ള തീർപ്പിൽ ഫാർമസി ആക്റ്റിന്റെ ലംഘനമുണ്ടെങ്കിൽ നടപടി എടുക്കുന്നതിനും കേരളത്തിലെ സർക്കാർ സ്വകാര്യ ആശുപത്രികളിൽ ഫാർമസി ആക്റ്റിന്റെ എല്ലാ വ്യവസ്ഥകളും പാലിക്കുവാൻ സർക്കാരും ഫാർമസി കൗൺസിലും ശുഷ്കാന്തിയോടെ നടപടികളെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| ബി | മരുന്നുകടകളിലും ഫാർമസികളിലും പരിശോധന നടത്താൻ നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ? | ബി | മരുന്നുകടകളിലും ആശുപത്രി ഫാർമസികളിലും പരിശോധന നടത്തുന്നതിന് ഫാർമസി നിയമം സെക്ഷൻ 26(4) പ്രകാരം ഓരോ സംസ്ഥാന ഫാർമസി കൗൺസിലും ഫാർമസി ഇൻസ്പെക്ടർമാരെ നിയമിക്കണമെന്നാണ് ചട്ടം. കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ മേൽ നിയമപ്രകാരം നിലവിൽ 7 പാർട്ട് ടൈം ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഫാർമസി ഇൻസ്പെക്ടർമാർ നിലവിൽ സംസ്ഥാനത്ത് പരിശോധന നടത്തി വരുന്നുണ്ട്. പരിശോധനകൾ കർശനമാക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലക്കും ഒരു ഇൻസ്പെക്ടർ എന്ന നിലയിൽ അനുമതി വേണമെന്ന കൗൺസിലിന്റെ അപേക്ഷ സർക്കാർ പരിഗണിക്കുകയും അപ്രകാരം 14 ഇൻസ്പെക്ടർമാരെ എല്ലാ ജില്ലകളിലും പാർട്ട് ടൈം ഇൻസ്പെക്ടർമാരായി, അവരുടെ |

| | | | |
|---|---|---|---|
| | | | ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാതെന്ന വ്യവസ്ഥയിന്മേൽ, നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ